**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വനാവകാശനിയമം, ലാൻഡ് ബാങ്ക്, നിക്ഷിപ്ത വനഭൂമി എന്നിവയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 198 ഗുണഭോക്താക്കൾക്ക് 38.01 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമിവിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 80 പേർക്ക് 15.20 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. വനാവകാശ നിയമ പ്രകാരം 1369 പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖയും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആകെ 1647 പേർക്ക് 1752.25 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br><br>ലാന്റ് ബാങ്ക് പദ്ധതി പ്രകാരം പത്തനംതിട്ട, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലായി 13.72 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിലായി 24.83 ഏക്കർ ഭൂമി വാങ്ങുന്നതിന് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭൂമി വാങ്ങി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 12,84,87,557/- രൂപ (പന്ത്രണ്ട് കോടി എൺപത്തിനാല് ലക്ഷത്തി എൺപത്തി ഏഴായിരത്തിഅഞ്ഞൂറ്റി അൻപത്തി ഏഴ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മലപ്പുറം ജില്ലയിൽ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് വിതരണം നടത്തുന്നതിനായി കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ നിന്നും 109.259 ഹെക്ടർ ഭൂമി ഗുണഭോക്താക്കൾക്ക് പതിച്ച നൽകുന്നതിനായി സർവ്വേ നടപടികൾ പൂർത്തിയാക്കി 1254 പ്ലോട്ടുകളായി തിരിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>വനാവകാശ നിയമപ്രകാരം വ്യക്തിഗത കൈവശാവകാശരേഖ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഗ്രാമസഭ, എസ്.ഡി.എൽ.സി, ഡി.എൽ.സി മുമ്പാകെ പെന്റിംഗിലുള്ള 3535 അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക മിഷന് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ? | (ബി) | ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളതുമായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയനുസരിച്ച് അഞ്ച് ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും, പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആദിവാസി പുനരധിവാസ വികസന മിഷൻ (TRDM) രൂപീകരിച്ചിട്ടുണ്ട്.<br><br>ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനത്തിനാവശ്യമായ നയപരമായ കാര്യങ്ങൾക്കും, പ്രോജക്ടുകളുടെ അംഗീകാരത്തിനും, മിഷൻ പ്രവർത്തനങ്ങൾക്ക് ഫീൽഡ് തലത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായി ഉന്നതാധികാര മിഷൻ കമ്മിറ്റിയും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചീഫും, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സ്പെഷ്യൽ ഓഫീസറുമായി സംസ്ഥാനതല മിഷനും, ഭൂമി വിതരണത്തിന്റെയും വികസന പ്രവർത്തനങ്ങളുടെയും ജില്ലാതല ഏകീകരണത്തിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ചെയർമാൻമാരായി ജില്ലാ മിഷനുകളും പ്രവർത്തിക്കുന്നു.<br><br>ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യവും കൃഷി യോഗ്യവുമായ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം.<br><br>ആദിവാസി പുനരധിവാസവികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി |

| | | | |
|---|---|---|---|
| | | | കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമിവിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ എന്നിവ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നു.<br><br>ഇപ്രകാരം ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും, ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1647 പേർക്ക് 1752.25 ഏക്കർ ഭൂമിയും 280 പേർക്ക് വീടും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ